03/01/2022

22/11/2021

# സംസ്ഥാന വിവരാവകാശ കമ്മീഷൻ, കേരളം
## പുന്നൻ റോഡ്, തിരുവനന്തപുരം 695 001

Tel: 0471- 2561631, 2561614, 2561615, Fax: 0471-2330920
Email:- sic.ker@nic.in

**ഹർജി നമ്പർ AP.No.1799(5)/18/SIC**

തീർപ്പ്കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം

**File No. 8050/SIC-G7/2018**

സന്നിഹിത

ശ്രീമതി ശ്രീലതപി.ആർ., സംസ്ഥാന വിവരാവകാശ കമ്മീഷണർ

ഉത്തരവ് തീയതി : 22.11.2021

| | |
|---|---|
| ശ്രീമതി സരസമ്മ. പി,<br>മേലെപള്ളിമൺ വീട്<br>കുതിരകുളം പി.ഒ,<br>വെമ്പായം, തിരുവനന്തപുരം. | അപ്പീൽഹർജിക്കാരി |
| സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ<br>താലൂക്ക് സപ്ലൈ ഓഫീസർ,<br>നെടുമങ്ങാട്, തിരുവനന്തപുരം.<br><br>അപ്പീൽ അധികാരി,<br>സിവിൽ സപ്ലൈ ഓഫീസ്,<br>സിവിൽ സ്റ്റേഷൻ കുടപ്പനക്കുന്ന്,<br>തിരുവനന്തപുരം. | എതിർകക്ഷികൾ |

## ഉത്തരവ്

| | |
|---|---|
| 6(1) അപേക്ഷ തീയതി | 28.05.2018 |
| പബ്ലിക് ഇൻഫർമേഷൻ ഓഫീസറുടെ മറുപടി | --- |
| ഒന്നാംഅപ്പീൽ | 25.06.2018 |
| അപ്പീൽ അധികാരിയുടെ തീരുമാനം | --- |
| രണ്ടാംഅപ്പീൽ | 24.07.2018 |
| ഹിയറിംഗ് തീയതി | 06.09.2021, (ഓഡിയോ ഹിയറിംഗ്) |
| എതിർകക്ഷി<br><br>അപ്പീൽ ഹർജിക്കാരി | ഹാജരായിരുന്നു<br><br>ഹാജരായിരുന്നില്ല |

1. അപ്പീൽഹർജിക്കാരി എസ്.പി.ഐ.ഒയോട് ആവശ്യപ്പെട്ടത്, അപ്പീൽഹർജിക്കാരിയുടെ എ.ആർ.ഡി നം. 207 (റേഷൻ കാർഡ് നമ്പർ 1105076481) ബി.പി.എൽ റേഷൻ കാർഡ് ആയിരുന്നതും തുടർന്ന് പുതിയ റേഷൻകാർഡ് കിട്ടിയപ്പോൾ ആയത് എ.പി.എൽ കാർഡ് ആയി എന്നും ഈ ആനുകൂല്യം നഷ്ടമായതിന്റെ കാരണം രേഖാമൂലം വ്യക്തമാക്കണമെന്നുമാണ്.

2. പ്രസ്തുത അപേക്ഷയ്ക്ക് ഒന്നും രണ്ടും എതിർകക്ഷികളിൽ നിന്നും വിവരം ലഭ്യമാകാത്തതിനെ തുടർന്ന് കമ്മീഷൻ മുമ്പാകെ രണ്ടാം അപ്പീൽ സമർപ്പിച്ചു. അപ്പീൽ ഫയലിൽ സ്വീകരിച്ച കമ്മീഷൻ ടെലിഫോൺ മുഖാന്തിരം നടത്തിയ നേർവിചാരണയിൽ ഒന്നാം എതിർകക്ഷി പങ്കെടുത്തിരുന്നു. അപ്പീൽഹർജിക്കാരി പങ്കെടുത്തിരുന്നില്ല.

3. അപ്പീൽഹർജിക്കാരി സമർപ്പിച്ച 25.06.2018 ലെ അപേക്ഷ ഡിസ്ട്രിബ്യൂഷൻ രജിസ്റ്റർ പരിശോധനയിൽ ഓഫീസിൽ ലഭ്യമായതായി കാണുന്നില്ല എന്നും 28.05.2018 ൽ ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകിയ അപേക്ഷയിൻമേലുള്ള റിപ്പോർട്ട് 23.07.2018 ൽ ആവശ്യപ്പെട്ടതിനെ തുടർന്ന് 24.07.2018 ൽ ടി കാര്യാലയത്തിൽ നിന്നും ജില്ലാ സപ്ലൈ ഓഫീസർക്ക് നൽകിയിട്ടുള്ളതുമാണ് എന്നും അപ്പീൽഹർജിക്കാരിയുടെ റേഷൻകാർഡ് നമ്പർ 1105076481, 14.11.2018 ൽ തന്നെ മുൻഗണനാ വിഭാഗത്തിലേയ്ക്ക് മാറ്റി നൽകിയിട്ടുണ്ട് എന്നും ടിയാരിയുടെ അപേക്ഷ ജില്ലാ സപ്ലൈ ഓഫീസിൽ നിന്നും ലഭിച്ച ഉടൻ തന്നെ മറുപടി നൽകിയിട്ടുണ്ട് എന്നാണ് എസ്.പി.ഐ.ഒ നൽകിയ മൊഴിയിലും റിപ്പോർട്ടിലും കാണുന്നത്.

4. അപ്പീൽഹർജിയും മറ്റ് അനുബന്ധരേഖകളും പരിശോധിച്ചതിൽ അപ്പീൽഹർജിക്കാരിയുടെ വിവരാവകാശ അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും മറുപടി നൽകിയിട്ടുള്ളതായി കാണുന്നില്ല എങ്കിലും അപേക്ഷയുമായി ബന്ധപ്പെട്ട പ്രശ്നത്തിന് പരിഹാരമായിട്ടുള്ളതായി കമ്മീഷൻ നിരീക്ഷിക്കുന്നു. 14.11.2018 ൽ അപ്പീൽഹർജിക്കാരിയുടെ റേഷൻ കാർഡ് മുൻഗണനാ കാർഡായി നൽകിയതായി എസ്.പി.ഐ.ഒയുടെ മൊഴിയിൽ നിന്ന് വ്യക്തവുമാണ്. വിവരാവകാശ നിയമം വകുപ്പ് 6(1) പ്രകാരം സമർപ്പിച്ച അപേക്ഷയ്ക്കും ഒന്നാം അപ്പീലിനും സമയബന്ധിതമായി നടപടി സ്വീകരിക്കാത്ത ഒന്നും രണ്ടും എതിർകക്ഷികളുടെ നടപടി വിവരാവകാശ നിയമപ്രകാരം ഗുരുതരമായ വീഴ്ചയാണെങ്കിലും പ്രശ്ന

ത്തിന് പരിഹാരമായ സാഹചര്യത്തിൽ മറ്റ് നടപടികളിലേയ്ക്ക് കമ്മീഷൻ കടക്കുന്നില്ല എന്നിരുന്നാലും വിവരാവകാശ അപേക്ഷകൾ കുറെക്കൂടി ജാഗ്രതയോടെ കൈകാര്യം ചെയ്യണമെന്നും മേൽപരാർശിച്ച വീഴ്ച ഭാവിയിൽ ഉണ്ടാകാനിടയാകരുതെന്നും ഒന്നും രണ്ടും എതിർകക്ഷികളെ ഓർമ്മപ്പെടുത്തിക്കൊണ്ട് ഈ അപ്പീൽഹർജി ഇന്നേദിവസം 2021 നവംബർ മാസം 22-ാം തീയതി തീർപ്പാക്കി ഉത്തരവാകുന്നു.

(ഒപ്പ്)
ശ്രീലത. പി. ആർ.
സംസ്ഥാന വിവരാവകാശ കമ്മീഷണർ

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി

RIGHT TO INFORMAT